സംസ്ഥാനത്തെ ഭൂമി കയ്യേറ്റത്തെക്കുറിച്ച് അന്വേഷണം

149(1215) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി കയ്യേറ്റത്തെക്കുറിച്ച് അന്വേഷിക്കാൻ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനാരാണെന്ന് അറിയിക്കുമോ; അന്വേഷണം പൂർത്തീകരിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലയിലെ കയ്യേറ്റത്തെ കുറിച്ചാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ വിഷയം സംബന്ധിച്ച മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച 7-9-2015-ലെ HRMP No. 4780/2015 നമ്പർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി&സി) ഇത് അന്വേഷിക്കാൻ ശ്രീ. എസ്. ശ്രീജിത് ഐ.പി.എസ്., ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിനെയാണ് മനുഷ്യാവകാശ കമ്മീഷൻ അന്വേഷണ ചുമതല ഏൽപ്പിച്ചത്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷന് സമർപ്പിക്കുകയും മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിക്കുകയും വിദേശ കമ്പനികൾ സ്വാതന്ത്ര്യത്തിന് മുൻപ് കൈവശം വച്ചിരുന്ന ഭൂമി, സ്വാതന്ത്ര്യാനന്തരം കേരള സർക്കാരോ കേന്ദ്ര ഗവൺമെന്റോ നിലവിലെ കൈവശക്കാർക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും കെ.എൽ.സി. നിയമപ്രകാരം അനധികൃത കൈവശങ്ങൾ കണ്ടെത്തി സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും സ്പെഷ്യൽ ഓഫീസർ &

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കളക്ടർ, ഗവൺമെന്റ് ലാന്റ് റിസംപ്ഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 30-12-2015-ലെ ജി.ഒ. (എം.എസ്.) 703/2015/ആർ.ഡി. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*) കൂടാതെ SRO No. 38/2016 (G.O. (P) No. 24/2016/RD dated 13-1-2016) ആയി നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.*) ശ്രീ. എസ്. ശ്രീജിത് ഐ.പി.എസ്-ന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർക്കുന്നു.*

സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം

150(1216) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിന്റെ പരിധിയിലുള്ള 54.59 ഹെക്ടർ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശം വച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏതെല്ലാം വില്ലേജുകളിലാണെന്നും ഏതെല്ലാം വ്യക്തികളുടെ കയ്യിലാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതു സംബന്ധിച്ച് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ, വിശദമാക്കാമോ?

ഉത്തരം

(എ) കൊച്ചി താലൂക്കിന്റെ പരിധിയിൽ 0.54.59 ഹെക്ടർ ഭൂമി അനധികൃതമായി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കയ്യേറ്റം തിട്ടപ്പെടുത്തി ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമി പ്രധാനമായും ഇടക്കൊച്ചി, പള്ളുരുത്തി, രാമേശ്വരം, തോപ്പുംപടി, കുമ്പളങ്ങി, നായരമ്പലം, പുതുവൈപ്പ് വില്ലേജുകളിൽപ്പെടുന്നു. നിലവിൽ പ്രസ്തുത ഭൂമികൾ കയ്യിലുള്ള വ്യക്തികളുടെ വിവരങ്ങൾ അതാത് വില്ലേജുകളിൽനിന്ന് ശേഖരിച്ചുവരുന്നു.

(സി) കേരള ഭൂസംരക്ഷണ നിയമപ്രകാരം എൽ.സി. കേസ് ബുക്ക് ചെയ്ത് കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly